"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - സമൂഹമാധ്യമത്തിലൂടെ ബഹു. മുഖ്യമന്ത്രിയെ അപകീർത്തിപ്പെടുത്തിയതുമായി ബന്ധപ്പെട്ട അച്ചടക്ക നടപടി - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ.ജെ.സുരേഷ്, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ ഫയൽ ചെയ്ത ഒ.എ. 539/2021 കേസിലെ 08.03.2021-ലെ ഉത്തരവ് - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.200/2021/വനം    തീയതി,തിരുവനന്തപുരം, 02/07/2021

---

പരാമർശം:- 1 പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ 07.05.2020-ലെ ബി9/142992/2020 നമ്പർ നടപടി ഉത്തരവ്.

2 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 27.08.2020-ലെ ബി9/2626/2020 നമ്പർ നടപടി ഉത്തരവ്.

3 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പി & ഡി) & അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) (അധിക ചുമതല)-ന്റെ 18.12.2020 ലെ ബി9/2626/2020 നമ്പർ നടപടി ഉത്തരവ്

4 ഒ.എ. 539/2021 നമ്പർ കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 08.03.2021 തീയതിയിലെ ഉത്തരവ്.

5 ശ്രീ.ജെ.സുരേഷ്, വൈൽഡ് ലൈഫ് വാർഡന്റെ 05.2.2021-ലെ അപ്പീൽ അപേക്ഷ.

6 31.01.2017-ലെ 78/ഉപസി 2/2017/ഉ ഭ പ വ നമ്പർ സർക്കുലർ

**ഉത്തരവ്**

നെയ്യാർ വന്യജീവി സങ്കേതത്തിലെ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനായിരുന്ന ശ്രീ. ജെ സുരേഷ് 30/04/2020 ന് രാത്രി 7.49 ന് ടയാന്റെ 9400079319 എന്ന

മൊബൈൽ നമ്പറിൽനിന്നും ബഹു മുഖ്യമന്ത്രിയെ അപകീർത്തിപ്പെടുത്തുന്ന തരത്തിൽ "ഫോറസ്റ്റ് ഫാമിലി" എന്ന വാട്സ്ആപ് ഗ്രൂപ്പിലേക്ക് ഒരു വാട്സ് ആപ് ട്രോൾ forward ചെയ്തതായി കണ്ടെത്തിയതിനെ തുടർന്ന്, ടിയാൻ 1960 ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 60 (എ) ലംഘിച്ചു എന്ന കുറ്റത്തിന്, ശ്രീ.ജെ.സുരേഷ്, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനെ പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പന്റ് ചെയ്തിരുന്നു. ടി ഉത്തരവിനെതിരെ ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസ് ഫയൽ ചെയ്തതിനെ തുടർന്ന് പരാമർശം (2) പ്രകാരം ടിയാനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ച് ഉത്തരവായിരുന്നു. തുടർന്ന് ഇക്കാര്യത്തിൽ ടിയാനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി പരാമർ ശം ( 3 ) പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലപ്രാബല്യമില്ലാതെ ഒരു വർഷത്തേക്ക് തടയുക എന്ന ലഘു ശിക്ഷ നൽകി തീർപ്പാക്കിയിരുന്നു. ടി ഉത്തരവിനെതിരെ ശ്രീ.സുരേഷ്, അസിസ്റ്റന്റ് വെൽഡ് ലൈഫ് വാർഡൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒ എ 539/2021 നമ്പർ കേസ് ഫയൽ ചെയ്തു. അപേക്ഷകൻ പരാമർശം ( 5 ) പ്രകാരം സർക്കാരിൽ നൽകിയിട്ടുള്ള അപ്പീൽ അപേക്ഷ പരിഗണിക്കുവാനും, ഉത്തരവിന്റെ പകർപ്പ് ലഭിച്ച് രണ്ടു മാസത്തിനകം അപേക്ഷകനെ നേരിൽ കേട്ടതിനുശേഷം, നിയമപ്രകാരം ഉചിത തീരുമാനം എടുക്കുവാനും സർക്കാരിന് നിർദ്ദേശം നൽകി പരാമർശം (4) പ്രകാരം ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ കേസ് തീർപ്പാക്കി.

2) വാട്സ്ആപ് സന്ദേശം താനല്ല സൃഷ്ടിച്ചതെന്നും, മറ്റാരോ സൃഷ്ടിച്ച സന്ദേശം തന്റെ മോബൈൽ ഫോണിലേക്ക് ആരോ അയച്ചത് ഫോറസ്റ്റ് ഫാമിലി എന്ന ഗ്രൂപ്പിലേക്ക് ഫോർവേഡ് ചെയ്യുക മാത്രമാണ് ചെയ്തതെന്നും, ഇത് സർക്കാർ നയങ്ങളുടെ വിമർശനമാകുന്നില്ലെന്നും, മുഖ്യമന്ത്രിക്കെതിരെയുള്ള അഭിപ്രായമോ, വിമർശനമോ സർക്കാരിനെതിരെയുള്ള വിമർശനമായി കണക്കാക്കാൻ കഴിയില്ലെന്നും, ഇത് 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടത്തിലെ ചട്ടം 60 (എ) യുടെ ലംഘനമാകുന്നില്ലെന്നും അതിനാൽ ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ ഉത്തരവ് റദ്ദ് ചെയ്ത് തന്നെ കുറ്റവിമുക്തനാക്കണമെന്നും, സസ്പൻഷൻകാലം ശമ്പളമുൾപ്പെടെ എല്ലാ സർവ്വീസ് ആനുകൂല്യങ്ങൾക്കും അർഹതയുള്ള ഡ്യൂട്ടിയായി പരിഗണിക്കണമെന്നുമാണ് അപ്പീൽ അപേക്ഷയിൽ ശ്രീ.സുരേഷ് ആവശ്യപ്പെട്ടിരിക്കുന്നത്.

3) ബഹു. ട്രിബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ സുരേഷിനെ 05/05/2021-ൽ നേരിൽ കേട്ടു. 9400079319 എന്ന നമ്പർ മൊബൈൽ സിം തന്റെ പേരിലുള്ളതല്ലെന്നും, തന്റെ സുഹൃത്തിന്റെ പേരിലുള്ളതാണെന്നും, എന്നാൽ വർഷങ്ങളായി താനാണ് ഈ നമ്പർ ഉപയോഗിക്കുന്നതെന്നും, ഈ ഫോൺ തന്റെ ഭാര്യയും കുട്ടികളും ഉപയോഗിക്കുന്നതാണെന്നും, അബദ്ധത്തിൽ ഭാര്യയുടെ കൈതട്ടി സന്ദേശം ഫോറസ്റ്റ് ഫാമിലി എന്ന ഗ്രൂപ്പിലേക്ക് പോയതാകാമെന്നും, താനല്ല സന്ദേശം അയച്ചതെന്നും, ടി സന്ദേശത്തിൽ മുഖ്യമന്ത്രിയേക്കുറിച്ചോ, മുഖ്യമന്ത്രിയുടെ പേരോ പരാമർശിക്കുന്നില്ലെന്നും, അതിനാൽ മുഖ്യമന്ത്രിയെ അപകീർത്തിപ്പെടുത്തി എന്ന് പറയാൻ കഴിയില്ലെന്നും, തന്റെ ഭാര്യയുടെ ഭാഗത്തുനിന്നുമുണ്ടായ ഒരു കൈയ്യബദ്ധത്തിന് തന്നെ ശിക്ഷിക്കുന്നത് ശരിയല്ലെന്നും, അതിനാൽ തന്നെ കുറ്റ വിമുക്തനാക്കണമെന്നുമാണ് നേരിൽ കേട്ടപ്പോൾ ശ്രീ സുരേഷ് ആവശ്യപ്പെട്ടത്.

4) 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 60(എ) ലംഘിച്ച എന്ന കുറ്റത്തിനാണ് ശ്രീ സുരേഷിനെതിരെ അച്ചടക്കനടപടി സ്വീകരിച്ചത്. ടി ചട്ടപ്രകാരം, സർക്കാർ ജീവനക്കാർ ഏതെങ്കിലും സംഭാഷണത്തലൂടെയോ എഴുത്തിലൂടെയോ മറ്റുരീതിയിലോ, സർക്കാർ അനുവർത്തിക്കുന്ന നയത്തേയോ, സർക്കാർ എടുക്കുന്ന നടപടികളേയോ, പൊതുജന മദ്ധ്യത്തിലോ, അസോസിയേഷനിലോ, സംഘത്തിലോ ചർച്ച ചെയ്യുവാനോ വിമർശിക്കുവാനോ പാടില്ലാത്തതും അങ്ങനെയുള്ള ചർച്ചയിലോ വിമർശനത്തിലോ യാതൊരു രീതിയിലും പങ്കെടുക്കുവാനോ പാടില്ലാത്തതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1960 ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 60 (എ) ലംഘിച്ചുകൊണ്ട് സർക്കാർ ജീവനക്കാർ സാമൂഹ മാധ്യമങ്ങളിലൂടെയും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും സർക്കാർ നയങ്ങളേയും നടപടികളേയും കുറിച്ച്, സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ, അഭിപ്രായ പ്രകടനം നടത്തുന്നതായി ശ്രദ്ധയിൽപ്പെടുകയോ, പരാതി ലഭിക്കുകയോ ചെയ്യുന്ന പക്ഷം മേലധികാരി ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കേണ്ടതാണെന്നും, ഇത്തരത്തിൽ ചട്ടലംഘനം നടത്തുന്ന ജീവനക്കാർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നതാണെന്നും വ്യവസ്ഥ ചെയ്ത് പരാമർശം (6) പ്രകാരം സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

5) കുറ്റപത്രത്തിനും കാരണം കാണിക്കൽ നോട്ടീസിനുമുള്ള മറുപടിയിലും, 28/01/2021-ൽ സർക്കാരിൽ നൽകിയ നിവേദനത്തിലും മൊബൈൽ ഫോൺ തന്റെ ഭാര്യ ഉപയോഗിച്ചപ്പോൾ അറിയാതെ ട്രോൾ ഫോർവേഡായതാണെന്നാണ് ശ്രീ സുരേഷ് വ്യക്തമാക്കിയിരുന്നത്. എന്നാൽ അപ്പീൽ അപേക്ഷയിൽ വാട്സ് ആപ് സന്ദേശം താനല്ല സൃഷ്ടിച്ചതെന്നും, മറ്റാരോ സൃഷ്ടിച്ച സന്ദേശം തന്റെ മോബൈൽ ഫോണിലേക്ക് ആരോ അയച്ചത് ഫോറസ്റ്റ് ഫാമിലി എന്ന ഗ്രൂപ്പിലേക്ക് ഫോർവേഡ് ചെയ്യുക മാത്രമാണ് ചെയ്തതെന്നുമാണ് വാദിക്കുന്നത്. അതായത് തന്റെ ഫോണിൽ വന്ന ട്രോൾ ടിയൻ ഫോറസ്റ്റ് ഫാമിലി എന്ന ഗ്രൂപ്പിലേക്ക് ഫോർവേഡ് ചെയ്തു എന്ന് സമ്മതിക്കുകയാണ് ചെയ്തിരിക്കുന്നത്. സന്ദേശത്തിൽ മുഖ്യമന്ത്രിയേക്കുറിച്ചോ, മുഖ്യമന്ത്രിയുടെ പേരോ പരാമർശിക്കുന്നില്ലെന്നും, അതിനാൽ മുഖ്യമന്ത്രിയെ അപകീർത്തിപ്പെടുത്തി എന്ന് പറയാൻ കഴിയില്ലെന്നുമാണ് ശ്രീ സുരേഷിന്റെ വാദം. എന്നാൽ സന്ദേശം വായിക്കുന്ന ആർക്കും ബഹു മുഖ്യമന്ത്രിയെ തന്നെയാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാണ്. ടി ട്രോൾ ബഹു. മുഖ്യമന്ത്രിയെ അവഹേളിക്കുന്ന തരത്തിൽ ഉള്ളതാണ്. എന്നാൽ ടി ട്രോൾ ശ്രീ സുരേഷല്ല സൃഷ്ടിച്ചിട്ടുള്ളത്. മൊബൈൽ ഫോണിൽ ലഭിച്ച ട്രോൾ ഫോർവേഡ് ചെയ്യുക മാത്രമാണ് ടിയൻ ചെയ്തിട്ടുള്ളത്.

6) സർക്കാർ പരാമർശം (5) പ്രകാരം ശ്രീ.ജെ.സുരേഷ് സമർപ്പിച്ച അപ്പീൽ അപേക്ഷ വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ.ജെ.സുരേഷ് കുറ്റക്കാരനാണെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ കണ്ടെത്തിയിട്ടുണ്ടെങ്കിലും ട്രോൾ ഉണ്ടാക്കിയത് ടിയാനല്ലെന്നതു കണക്കിലെടുത്തും, ടി ട്രോൾ ഫോർവേഡ് ചെയ്യുക മാത്രമാണ് ഉണ്ടായിട്ടുള്ളത് എന്നതു പരിഗണിച്ചും നേരത്തെ നൽകിയ ശിക്ഷ ഇളവ് ചെയ്ത് ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫല പ്രാബല്യമില്ലാതെ ആറ് മാസത്തേയ്ക്ക് തടയുക എന്ന ശിക്ഷ നൽകി പരാമർശം (5)-ലെ അപ്പീൽ അപേക്ഷ തീർപ്പാക്കി, ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (4)-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Sajeevan M K
അണ്ടർ സെക്രട്ടറി

പകർപ്പ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ജെ.സുരേഷ്, വൈൽഡ് ലൈഫ് വാർഡൻ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

അഡ്വക്കേറ്റ് ജനറൽ കേരള ,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ